പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1717

31/01/2018 ൽ മറുപടിക്ക്

## തെരുവുനായ്ക്കളുടെ കടിയേറ്റവർക്ക് നഷ്ടപരിഹാരം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) സുപ്രീംകോടതി വിധിയുടെയും ജസ്റ്റിസ് സിരിജഗൻ കമ്മിറ്റി റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ കടിയേറ്റ എത്ര പേർക്ക് നഷ്ടപരിഹാരത്തുക നൽകാൻ സർക്കാർ തീരുമാനിച്ചു; എത്ര പേർക്ക് ഇതിനകം തുക നൽകി; | എ) 03/03/2017 ലെ സ.ഉ(ആർ.റ്റി) 1546/2017/ തസ്വഭവ നമ്പർ പ്രകാരം 19 പേർക്കും 03/11/2017 ലെ സ.ഉ. (ആർ.റ്റി)3551/2017/ തസ്വഭവ പ്രകാരം 104 പേർക്കും നഷ്ടപരിഹാരം നൽകാൻ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൽ, നഷ്ടപരിഹാരം നൽകാൻ ഗ്രാമ പഞ്ചായത്തിന് കഴിയില്ലെന്നും ആയതിനാൽ നഷ്ടപരിഹാരം സർക്കാർ തന്നെ നല്കാൻ നിർദ്ദേശം നൽകണമെന്നുമാവശ്യപ്പെട്ട് മാള ഗ്രാമപഞ്ചായത്ത് WP(C) 18013/2017 പ്രകാരം ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. |
| ബി) നഷ്ടപരിഹാരമായി ഇതിൽ നൽകുന്ന ഏറ്റവും കൂടിയ തുക എത്രയാണ് ; മൊത്തം എത്ര രൂപ നഷ്ടപരിഹാരത്തിനായി വേണ്ടി വരും; | ബി) ജസ്റ്റിസ് (റിട്ട) സിരിജഗൻ കമ്മിറ്റി യുടെ മൂന്നാമത് റിപ്പോർട്ടിൽ ഉൾപ്പെട്ട, തെരുനായ ആക്രമണത്തിൽ പരിക്കേറ്റ ശ്രീ.പി.എസ് ബിജു. എന്ന വ്യക്തിക്കാണ് 18,74,500/- രൂപാ എന്ന ഏറ്റവും കൂടിയ തുക ശുപാർശ ചെയ്തിട്ടുള്ളത്. പ്രസ്തുത തുക നൽകാൻ ഗ്രാമപഞ്ചായത്തിന് കഴിയില്ലെന്നും ആയതിനാൽ സർക്കാർ തന്നെ അതു നല്കാൻ നിർദ്ദേശം നൽകണമെന്നു-മാവശ്യപ്പെട്ട് മാള ഗ്രാമപഞ്ചായത്ത് WP(C) 18013/2017 പ്രകാരം ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഒരു വ്യക്തിക്കുള്ള പരമാവധി നഷ്ടപരിഹാരം 5 ലക്ഷം രൂപയായി നിജപ്പെടുത്താൻ അഭ്യർത്ഥിച്ചുകൊണ്ട് സർക്കാർ സുപ്രീംകോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | ഈ തുക സർക്കാർ ഫണ്ടിൽ നിന്നാണോ അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കനുവദിച്ച ഫണ്ടിൽ നിന്നാണോ നൽകുക; വിശദാംശങ്ങൾ നല്കാമോ; | സി) | തദ്ദേശ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നോ പ്ലാൻ ഫണ്ടിൽ (സർവ്വീസ് സെക്ടർ) നിന്നോ ആണ് നൽകുന്നത്. |
| ഡി) | ഭാവിയിൽ തെരുവുനായ്ക്കളുടെ കടി ഏൽക്കുന്നവർക്ക് നഷ്ടപരിഹാരം കണക്കാക്കുന്നതിന്റെ മാനദണ്ഡവും തുക നൽകുന്നതിന്റെ നടപടിക്രമവും എന്താണെന്ന് വ്യക്തമാക്കാമോ? | ഡി) | സുപ്രീംകോടതി നിയോഗിച്ചിട്ടുള്ള ജസ്റ്റീസ് (റിട്ട) സിരിജഗൻ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് തെരുവുനായ്ക്കളുടെ ആക്രമണത്തിന് വിധേയമാകുന്നവർക്ക് നഷ്ടപരിഹാരം നൽകിവരുന്നത്. |

സെക്ഷൻ ഓഫീസർ